## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4706 — 19.05.2017-ൽ മറുപടിക്ക്

### ആദിവാസി ഊരുകളിലെ കുട്ടികൾക്ക് ജനനസർട്ടിഫിക്കറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. എൻ. ഷംസീർ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസി ഊരുകളിലെ കുട്ടികൾക്ക് ജനനസർട്ടിഫിക്കറ്റ് ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ? | എ) | ചില ആദിവാസി ഊരുകളിൽ കുട്ടികൾ ജനിക്കുമ്പോൾ നിയമാനുസൃതം തദ്ദേശ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതിനെ തുടർന്ന് ജനന സർട്ടിഫിക്കറ്റ് ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഇതു സംബന്ധിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ആദിവാസി ഊരുകളിലെ ജനനം, മരണം യഥാസമയം രജിസ്റ്റർ ചെയ്യുന്നതിന് എസ്.റ്റി പ്രൊമോട്ടർമാർ വഴി വ്യാപക പ്രചരണവും, ആയതിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ